"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പാലക്കാട് ജില്ല - വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.ഐ. അലി-യ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2229/2024/LSGD തീയതി,തിരുവനന്തപുരം, 16-11-2024

പരാമർശം:-

1. ഒറ്റപ്പാലം സബ് കളക്ടറുടെ 26/02/2019 ലെ ഇ-6181/2018 നമ്പർ റിപ്പോർട്ട്.
2. പാലക്കാട് ജില്ലാ കളക്ടറുടെ 24/07/2019 ലെ DCPKD/5110/2018-A4 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 04/11/2019 ലെ PAN/10922/2019-D10(DP) നമ്പർ കത്ത്.
4. 09/07/2021 തീയതിയിലെ ഇപിബി3/403/2019-തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. പഞ്ചായത്ത് ഡയറക്ടറുടെ 13.05.2022-ലെ PAN/10922/2019-D10(DP) നമ്പർ കത്ത്.
6. സ.ഉ.(സാധാ)നം.1822/2022/തസ്വഭവ. തീയതി 29/07/2022.
7. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 09/02/2023 തീയതിയിലെ DDP-PKD/3001/2021-AVS നമ്പർ കത്ത്.
8. ശ്രീ. ഐ. അലി 14/06/2024 ൽ സമർപ്പിച്ച മറുപടി.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ വടക്കഞ്ചേരി വില്ലേജിലെ ബ്ലോക്ക് നമ്പർ 45 സ.നം.155/1, 155/3, 155/5, 155/6 എന്നിവയിൽപ്പെട്ട 0.2693 ഹെക്ടർ വയൽ നികത്തി വാണിജ്യാവശ്യങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിച്ചു എന്ന ആരോപണങ്ങളിന്മേൽ പാലക്കാട് സബ് കളക്ടർ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. ടി റിപ്പോർട്ടിൽ വടക്കഞ്ചേരി പഞ്ചായത്തിൽ ലഭിച്ച കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷയിൽ വടക്കാഞ്ചേരി 1 വില്ലേജ് ഓഫീസർ 'നിലം' തരത്തിൽപെട്ടതാണെന്ന് രേഖപ്പെടുത്തി കൈവശ സർട്ടിഫിക്കറ്റ് നൽകിയിട്ടും മറ്റു പരിശോധനകളൊന്നും കൂടാതെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. അലി ഐ. ടി ഭൂമി ഡാറ്റ ബാങ്കിൽ നിന്നും ഒഴിവാക്കപ്പെട്ടതാണെന്ന് രേഖപ്പെടുത്തിയതായും അതിനെ തുടർന്ന് ഓവർസിയർ അനുകൂല റിപ്പോർട്ട് സമർപ്പിച്ചതായും തുടർന്ന് 26.09.2013 തിയ്യതിയിലായി കെട്ടിട നിർമ്മാണ അനുമതി നൽകുകയും ചെയ്തിട്ടുണ്ടെന്നും ആയത് 2008

ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 14-ാം വകുപ്പിന്റെ ലംഘനമാണെന്നും പ്രസ്തുത നടപടി പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ അലിയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണെന്നും റിപ്പോർട്ട് ചെയ്തിരുന്നതിൻ പ്രകാരം ടിയാനെതിരെ ഉചിതമായ നിയമ നടപടികളും അച്ചടക്ക നടപടികളും സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാൻ പാലക്കാട് ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടറോട് ശിപാർശ ചെയ്തിരുന്നു.

3. ആരോപണ വിധേയനായ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായ ശ്രീ. ഐ. അലി 30/11/2015 ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ ക്രമക്കേടുകൾ പ്രകാരം ടിയാന്റെ സർവ്വീസ് തൃപ്തികരമല്ലായെന്ന് കണ്ടു KSR Part III ചട്ടം 59(ബി) പ്രകാരം ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 800/- രൂപ വീതം ആജീവനാന്തം കുറവു ചെയ്യാൻ തീരുമാനിച്ച് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

4. തുടർന്ന്, പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല എന്ന് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി ടിയാനെതിരെ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറെ പരാമർശം (6) പ്രകാരം ചുമതലപ്പെടുത്തുകയുണ്ടായി. ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (7) പ്രകാരമുള്ള പ്രസ്തുത അന്വേഷണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

*5. ശ്രീ. ഐ. അലി വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി തസ്തികയിൽ 26/04/2010 മുതൽ 30/11/2015 വരെ സേവനമനുഷ്ഠിച്ചിരുന്നു. പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ വടക്കഞ്ചേരി 1 വില്ലേജിലെ ബ്ലോക്ക് നമ്പർ 45 സർവ്വേ നമ്പർ 155/1,3,5,6 ൽ പ്പെട്ട ഭൂമി, വടക്കഞ്ചേരി വില്ലേജ് ഓഫീസറുടെ 15/02/2013 ലെ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം 'നിലം' വഹകളിൽപ്പെട്ടതാണ്. പ്രസ്തുത ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിനുള്ള അനുമതിക്കായി 13/03/2013 ന് നൽകിയ അപേക്ഷയിൽ 1496.34M2 വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 26/09/2013ൽ ബിൽഡിംങ് പെർമിറ്റ് അനുവദിച്ചിരുന്നു. പ്രസ്തുത ഭൂമി വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് 31/05/2011 ലെ എ4-3117/2009 നമ്പരായി പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിലെ പേജ് നമ്പർ 42 ൽ "fallow land" എന്ന തരം രേഖപ്പെടുത്തി ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത ബിൽഡിഗ് പെർമിറ്റ് പ്രകാരം വാണിജ്യാവശ്യത്തിന് ഷോപ്പുകൾക്ക് ശ്രീ.ഐ. അലി 30.11.2015 ന് നമ്പർ അനുവദിക്കുകയും അന്ന് തന്നെ വിരമിക്കുകയും ചെയ്തിരുന്നു. ടി കെട്ടിടങ്ങളിൽ ശ്രീ.മുഹമ്മദ് ഇഖ്ബാൽ എന്നയാൾക്ക് ഗ്രാന്റ് ഹ്യുണ്ടായ് എന്നപേരിൽ ഹ്യൂണ്ടായ് കാറുകളുടെ ഷോറും 22.04.2017 മുതൽ നടത്തുന്നതിന് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളതാണ്. ഇപ്പോഴും പ്രസ്തുത കാർ ഷോറും പ്രവർത്തിച്ചുവരുന്നു.*

*6. പാലക്കാട് ജില്ലാകളക്ടറുടെ ഉത്തരവിൻ പ്രകാരം മേൽ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട ഭൂമി പൂർവസ്ഥിതിയിലാക്കുന്നതിനും അതിനുവേണ്ടിവരുന്ന ചെലവ് ബന്ധപ്പെട്ട കക്ഷിയിൽനിന്നും ഈടാക്കുന്നതിനും പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതും 2008 ലെ കേരള നെൽവയൽ സംരക്ഷണ നിയമം സെക്ഷൻ 23 പ്രകാരം നടപടി സ്വീകരിക്കുന്നതിന് വടക്കഞ്ചേരി വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്*

*പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്ക് പ്രകാരം പ്രസ്തുത സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട ഭൂമി "fallow land" എന്ന തരം രേഖപ്പെടുത്തിയിട്ടുള്ളത് 2008 ലെ കേരള നെൽവയൽ സംരക്ഷണ നിയമം സെക്ഷൻ (2XXi) പ്രകാരം "fallow land" ആയിക്കിടക്കുന്ന വഹകളും നെൽവയലിന്റെ നിർവചനത്തിൽ വരുന്നവയാണ് എന്നും 2008 ന് മുമ്പ് തന്നെ പ്രസ്തുത വഹകൾ പരിവർത്തനപ്പെടുത്തി എന്ന വാദം തെളിയിക്കുന്നതിനുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ലാത്തതുമാണ്. കൂടാതെ, 2008 ലെ കേരള നെൽവയൽ സംരക്ഷണ നിയമം സെക്ഷൻ 14-ാം വകുപ്പ് പ്രകാരം ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ള നെൽവയലുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അനുമതി യാതൊരു തദ്ദേശ സ്ഥാപനവും നൽകുവാൻ പാടില്ലാത്തതാണ് എന്നും പരാമർശിച്ചിട്ടുള്ളതാണ്. ആയത് പാലിക്കാതെ ടി ഭൂമിയിൽ നിർമ്മാണം നടത്തുന്നതിന് ശ്രീ.അലി ഭൂവുടമയായ ശ്രീ.എം.എം. നാസർ എന്നയാൾക്ക് അനുമതി നൽകിയിട്ടുള്ളതാണ്.*

*7. 15/06/2019 ലെ പ്രാദേശിക നിരീക്ഷണ സമിതിയോഗത്തിലെ തീരുമാന പ്രകാരം പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ വടക്കഞ്ചേരി-1 വില്ലേജിലെ ബ്ലോക്ക് നമ്പർ 45 സർവ്വേ നമ്പർ 155/5,6 ൽ പ്പെട്ട ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ വടക്കഞ്ചേരി -1 വില്ലേജിലെ ബ്ലോക്ക് നമ്പർ 45 സർവ്വേ നമ്പർ 155/5,6 ൽപ്പെട്ട ഭൂമികൾ പരിവർത്തനപ്പെടുത്തിയത് 2008 ലെ കേരള നെൽവയൽ സംരക്ഷണ നിയമത്തിന്റെ പൂർണ്ണ ലംഘനമാണെന്നും ടി ഭൂമികൾ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തണമെന്നും ശിപാർശ ചെയ്ത് തീരുമാനിച്ചിട്ടുള്ളതാണ്.*

*8. ഓഫീസിലെ സെക്രട്ടറിയായിരിക്കെ 2008 ലെ കേരള നെൽവയൽ സംരക്ഷണ നിയമ പ്രകാരം വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ വടക്കഞ്ചേരി -1 വില്ലേജിലെ ബ്ലോക്ക് നമ്പർ 45 സർവ്വേ നമ്പർ 155/1,5,6 ൽ പെട്ട നിലം വഹകളിൽപ്പെട്ട ഭൂമിയിൽ വാണിജ്യാവശ്യത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയത് ക്രമപ്രകാരമല്ല. ആയത് 2008 ലെ കേരള നെൽവയൽ സംരക്ഷണ നിയമം സെക്ഷൻ 14-ാം വകുപ്പിന്റെ ലംഘനമാണ്. 2008 ലെ കേരള നെൽവയൽ സംരക്ഷണ നിയമ പ്രകാരമുള്ള ഡാറ്റാ ബാങ്കിന്റെ പരിപാലകനായ സെക്രട്ടറി പ്രസ്തുത നിയമം ലംഘിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതിയും കെട്ടിട നമ്പരും നൽകിയത് ടിയാളുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.*

9. ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ശ്രീ. ഐ. അലി-യുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായി എന്ന് റിപ്പോർട്ട് ചെയ്തിരുന്നതിൻ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇക്കാര്യത്തിൽ ടിയാന് കൂടുതലായി എന്തെങ്കിലും ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കി മറുപടി സമർപ്പിക്കാൻ ഔപചാരിക അന്വേഷണ റിപ്പോർട്ട് ടിയാന് നൽകിയിരുന്നെങ്കിലും അനുവദനീയമായ സമയപരിധിയ്ക്ക് ശേഷവും മറുപടി നൽകാതിരുന്നതിനാൽ പെൻഷൻ തുക കുറവുവരുത്താവുന്നതാണെന്ന തീരുമാനം നടപ്പിലാക്കുന്നതിന് മുന്നോടിയായി അച്ചടക്ക നടപടിക്രമം പാലിക്കുന്നതിന്റെ ഭാഗമായി ടിയാളെ നേരിൽ കേൾക്കുന്നതിന് തീരുമാനിച്ചതനുസരിച്ച് ടിയാൻ പ്രസ്തുത ഹിയറിംഗിൽ പങ്കെടുക്കുകയും പ്രസ്തുത കാലയളവിൽ കാൻസർ ബാധിതയായ ഭാര്യയുടെ ചികിത്സയ്ക്ക് മുൻഗണന നൽകിയിരുന്നതിനാൽ മറ്റ് കാര്യങ്ങളിൽ ശ്രദ്ധിച്ചിരുന്നില്ലെന്നും ഭാര്യ മരണപ്പെട്ടിട്ടുള്ളതാണെന്നും ആയതിനാലാണ് 2021-ലെ കാരണം കാണിക്കൽ നോട്ടീസിന് യഥാസമയം മറുപടി നൽകാത്തതെന്നും ബോധിപ്പിപ്പിക്കുകയുണ്ടായി. ആരോപണവുമായി ബന്ധപ്പെട്ട് മനഃപൂർവ്വമായി ക്രമക്കേടുകളൊന്നും നടത്തിയില്ലെന്നും പരാമർശ ഭൂമി തരിശു ഭൂമിയായും വില്ലേജ്

രേഖകൾ (BTR) പ്രകാരം 155/3 പുരയിടമായും രേഖപ്പെടുത്തിയത് ആണെന്നും ഉത്തരവു പ്രകാരം ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കപ്പെട്ട ഭൂമിക്കും വില്ലേജ് രേഖകൾ (BTR) പ്രകാരം "നില"മെന്ന് തന്നെയാണ് വില്ലേജ് ഓഫീസുകളിൽ നിന്നും അനുവദിക്കുന്ന കൈവശവകാശ രേഖകളിൽ രേഖപ്പെടുത്തുന്നതെന്നും, പരാമർശ സർവ്വേ നമ്പരിൽപ്പെട്ട ഭൂമി നോട്ടിഫൈ ചെയ്ത് 2011-ൽ തന്നെ ഉത്തരവായിട്ടുള്ളതാണെന്നും 22/01/2011 ലെ 4545/RA1/11 തസ്വഭവ നമ്പർ സർക്കുലറിൽ ഖണ്ഡിക 2 ൽ (1) പ്രകാരം 2008 ലെ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിലുള്ള നെൽ വയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവക്കു മാത്രം ബാധകമായതിനാൽ പുതിയതായി നികത്തുന്നതിനു മാത്രമേ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ ബാധകമാവുകയുള്ളൂ എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണെന്നും, KSREC റിപ്പോർട്ട് പ്രകാരവും ഈ ഭൂമി തരിശാണെന്നും 2004-ലെ സാറ്റലൈറ്റ് ചിത്രങ്ങളിലും ഇതേ നിലയാണ് കാണുന്നതെന്ന് ബന്ധപ്പെട്ട ഏജൻസി വ്യക്തമാക്കിയിട്ടുള്ളതാണെന്നും, വിശദീകരിച്ചു. കൂടാതെ, 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 14-ാം വകുപ്പ് ലംഘിച്ചു എന്ന ആരോപണത്തിൽ കഴമ്പില്ലെന്നും ടി നിയമ പ്രകാരമുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കിയത് ബന്ധപ്പെട്ട കൃഷി ഓഫീസറും വില്ലേജ് ഓഫീസറും അടങ്ങുന്ന LLMC എന്ന കമ്മിറ്റിയാണെന്നും, 03.11.2020-ലെ GO(Rt)No.898/2020/AGRI നമ്പർ ഉത്തരവ് പ്രകാരം ആരോപണങ്ങളിൽ സൂചിപ്പിച്ചിരിക്കുന്ന വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ റീ.സ.നം. 155/1-ലെ ഭൂമി പൂർണ്ണമായും ഒഴിവാക്കിയതും 155/3 പുരയിടമായി രേഖപ്പെടുത്തിയതും, 155/5, 2004-നുമുമ്പേ കൃഷി ചെയ്യാത്തതും തരിശായി കിടക്കുന്നതാണെന്നും 155/6-ൽ ഉള്ള സ്ഥലത്ത് മുസ്ലീം പള്ളിയും അനാഥാലയവും സ്ഥിതി ചെയ്യുന്നതു കൊണ്ട് ഏക്കറുകണക്കിന് ഭാഗം ഒഴിവാക്കാനും തീരുമാനിച്ചിട്ടുള്ളതാണെന്നും, പരിമിതമായ ബാക്കി സ്ഥലങ്ങൾക്ക് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം അനുമതി വാങ്ങേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും 2015-ൽ സേവനത്തിൽ നിന്ന് വിരമിച്ച തിനാൽ അതേ കുറിച്ച് ധാരണയുണ്ടായിരുന്നില്ലെന്നും Fallow land എന്ന് രേഖപ്പെടുത്തി ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കിയ ഭൂമിയിലാണ് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളതും ആയത് പരിശോധനകളൊന്നും കൂടാതെ പെർമിറ്റ് നൽകിയെന്ന ആരോപണവും ശരിയല്ലെന്ന് നോട്ടീസിലെ ഓവർസിയറുടെ റിപ്പോർട്ടിനെക്കുറിച്ച് പരാമർശിക്കുന്നതിൽ നിന്നും മനസ്സിലാക്കാവുന്നതാണെന്നും ഈ കെട്ടിടങ്ങൾക്ക് യാതൊരു ആക്ഷേപവും ഇല്ലാതെ വില്ലേജ് ഓഫീസർ റവന്യൂ കെട്ടിട നികുതിയും ഈടാക്കിയിട്ടുള്ളതാണെന്നും വിജിലൻസ് വിഭാഗം തന്നെ ഈ നടപടികളിൽ ഏതെങ്കിലും അഴിമതിയോ സർക്കാരിന് എന്തെങ്കിലും നഷ്ടമോ ഉണ്ടായിട്ടില്ലെന്നും മറ്റ് നടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ആയതിനാൽ മേൽ പ്രകാരം വിശദീകരണം പരിഗണിച്ച് തുടർ നടപടികളിൽ നിന്നൊഴിവാക്കണമെന്നും കാരണം കാണിക്കൽ നോട്ടീസിന്മേൽ 20.6-2024-ന് മുമ്പ് പ്രതിവാദ പത്രിക ലഭ്യമാക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് മേൽ പ്രകാരം വിശദീകരണം രേഖപ്പെടുത്തി 14.06.2024-ന് ടിയാൻ കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (8) പ്രകാരം മറുപടി നൽകിയിരുന്നു.

10. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ വടക്കഞ്ചേരി വില്ലേജിലെ ബ്ലോക്ക് നമ്പർ 45 സ.നം.155/1, 155/3, 155/5, 155/6 എന്നിവയിൽപ്പെട്ട സ്ഥലം 'നിലം' തരത്തിൽപെട്ടതാണെന്ന് രേഖപ്പെടുത്തി വില്ലേജ് ഓഫീസർ കൈവശ സർട്ടിഫിക്കറ്റ് നൽകിയിട്ടും മറ്റു പരിശോധനകളൊന്നും കൂടാതെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. അലി ഐ. ടി ഭൂമി ഡാറ്റ ബാങ്കിൽ നിന്നും ഒഴിവാക്കപ്പെട്ടതാണെന്ന് രേഖപ്പെടുത്തി 26.09.2013 തിയ്യതിയിലായി കെട്ടിട നിർമ്മാണ അനുമതി നൽകിയത് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 14-ാം വകുപ്പിന്റെ ലംഘനമാണ് എന്നതാണ് പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ അലിയ്ക്കെതിരെയുള്ള ആരോപണം. ആയത് സംബന്ധിച്ച് ടിയാൻ ലഭ്യമാക്കിയ പ്രതിവാദ പത്രികയിൽ വിശദീകരിച്ചിരിക്കും പ്രകാരം പ്രസ്തുത സ്ഥലം

03.11.2020-ലെ GO(Rt)No 898/2020/AGRI പ്രകാരം ഡാറ്റാ ബാങ്കിൽ നിന്നൊഴിവാക്കി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ 03.11.2020-ലെ മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും മുന്നേ 26.09.2013 തീയതിയിലായി വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയത് പഞ്ചായത്ത് സെക്രട്ടറി എന്ന നിലയിൽ ശ്രീ.അലിയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായിതന്നെ കാണാവുന്നതാണ്. സമീപകാലത്തുണ്ടാകുന്ന അതിരൂക്ഷമായ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ നെൽവയൽ തണ്ണീർത്തട നിയമലംഘനം അതീവ ഗൗരവമായതും ആയതിന് കാരണക്കാരാകുന്നവർക്ക് കഠിന ശിക്ഷയ്ക്ക് ഉപോൽബലകമായതുമാണ് .

11. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ.ഐ.അലിയ്ക്കെതിരെ KSR Part III ചട്ടം 59(ബി) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 800/-രൂപ വീതം ആജീവനാന്തം കുറവുചെയ്യാനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡീഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. ഐ. അലി, മുൻ സെക്രട്ടറി, വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്, പാലക്കാട്. (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ജില്ലാ കളക്ടർ, പാലക്കാട്.
5. തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി3/403/2019/തസ്വഭവ.

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 18-11-2024 09:47:44
സെക്ഷൻ ഓഫീസർ